# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. *251

11.10.2011- ൽ
മറുപടിയ്ക്ക്

## എൻട്രൻസ് റാങ്ക് ലിസ്റ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ. പി. സി. ജോർജ്ജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീ. പി.കെ.അബ്ദുറബ്ബ്<br>(ബഹു. വിദ്യാഭ്യാസവകുപ്പ്മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മെഡിക്കൽ - എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയുടെ റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ പ്ലസ്ടുവിന്റെ മാർക്കു കൂടി പരിഗണിക്കുന്നതിനുള്ള തീരുമാനം നടപ്പിൽ വരുത്തിയോ ; വിശദാംശങ്ങൾ നൽകുമോ ; | (എ) & (ബി) | 18.12.2010-ലെ ജി.ഒ(എം.എസ്) നമ്പർ 402/10/ഉ.വി.വ എന്ന സർക്കാർ ഉത്തരവ് പ്രകാരം 2011 ലെ കേരള പ്രൊഫഷണൽ ഡിഗ്രി കോഴ്സ് പ്രവേശനത്തിന് എഞ്ചിനീയറിംഗ് കോഴ്സുകളുടെ അലോട്ട്മെന്റിനായി പ്രവേശന പരീക്ഷയുടെ മാർക്കിനോടൊപ്പം വിദ്യാർത്ഥികളുടെ പ്ലസ്ടുവിന്റെ ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളുടെ മാർക്കും കൂടി പരിഗണിച്ചാണ് റാങ്ക് ലിസ്റ്റ് തയ്യാറാക്കിയത്. ഇതുപ്രകാരം എഞ്ചിനീയറിംഗ് കോഴ്സിലേക്കുള്ള പ്രവേശന നടപടികൾ ഏതാണ്ട് പൂർത്തിയായിരിക്കുകയാണ്. എന്നാൽ പ്രവേശന പരീക്ഷയുടെ മാർക്കിനോടൊപ്പം യോഗ്യതാ പരീക്ഷയുടെ മാർക്ക് കൂടി കൂട്ടി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നത് മെഡിക്കൽ കൗൺസിൽ ഓഫ് ഇൻഡ്യയുടെ നിബന്ധനകൾക്ക് വിരുദ്ധമായതിനാൽ ഈ അദ്ധ്യയന വർഷം മെഡിക്കൽ പ്രവേശന പരീക്ഷയുടെ മാർക്കിനെ അടിസ്ഥാനമാക്കി മാത്രമാണ് മെഡിക്കൽ കോഴ്സിനായുള്ള റാങ്ക് ലിസ്റ്റ് തയ്യാറാക്കിയതും പ്രവേശനം നടത്തിയതും. മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിബന്ധനകളിൽ മാറ്റം വന്നാൽ മാത്രമെ യോഗ്യത പരീക്ഷയുടെ മാർക്കുകൂടി കൂട്ടി ചേർത്ത് മെഡിക്കൽ കോഴ്സുകളിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) | നടപ്പ് അധ്യയന വർഷം മെഡിക്കൽ പ്രവേശന പരീക്ഷയുടെ മാർക്കിനോട് പ്ലസ്ടുവിന്റെ മാർക്ക് ചേർത്ത് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് എന്തായിരുന്നു തടസ്സം ; ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തു നടപടി സ്വീകരിച്ചു ? | | |

സെക്ഷൻ ഓഫീസർ